*പൊതു വിദ്യാഭ്യാസ*
*ഡയറക്റ്ററുടെകാര്യാലയം,*
*ഹയർസെക്കൻററി വിഭാഗം, ഹൗസിങ് ബോർഡ്*
*ബിൽഡിംഗ്, തിരുവനന്തപുരം-1*

നംബർ. **ICT Cell/1771/2/DGE_HSE/2022** **27/09/2022**

# പത്രക്കുറിപ്പ്

**വിഷയം: പ്ലസ്‌വൺ ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനായുള്ള വേക്കൻസി പ്രസിദ്ധീകരണം, അപേക്ഷ സമർപ്പണം സംബന്ധിച്ച്**

നിലവിലുള്ള വേക്കൻസി ജില്ല / ജില്ലാന്തര സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫർ അലോട്ട്മെൻറിനായി 2022 സെപ്റ്റംബർ 28 ന് ഉച്ചയ്ക്ക് 1 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്. ഇതുവരെ ഏകജാലക സംവിധാനത്തിൽ മെരിറ്റ് ക്വാട്ടയിലോ, സ്പോർട്സ് ക്വാട്ടയിലോ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഒന്നാം ഓപ്ഷനിലാണ് പ്രവേശനം നേടിയതെങ്കിൽ പോലും ട്രാൻസ്ഫറിന് അപേക്ഷിക്കാവുന്നതാണ്. ജില്ലയ്ക്കകത്തോ / മറ്റ് ജില്ലയിലേയ്ക്കോ സ്കൂൾ മാറ്റത്തിനോ , കോമ്പിനേഷൻ മാറ്റത്തോടെയുള്ള സ്കൂൾ മാറ്റത്തിനോ, അതേ സ്കൂളിലെ മറ്റൊരു കോമ്പിനേഷനിലേയ്ക്കോ മാറുന്നതിന് കാൻഡിഡേറ്റ് ലോഗിനിലെ “Apply for School/Combination Transfer” എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്കൂൾ/കോമ്പിനേഷൻ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ കാൻഡിഡേറ്റ് ലോഗിനിലൂടെ **2022 സെപ്റ്റംബർ 28 ന് ഉച്ചയ്ക്ക് 1 മണി** മുതൽ **2022 സെപ്റ്റംബർ 29 ന് വൈകിട്ട് 4 മണി വരെ** വരെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വിശദ നിർദ്ദേശങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ